<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4855</u> <u>02-07-2024 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന വിവിധ ധനസഹായങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം എന്നിവ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം കുടിശ്ശികയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം എത്ര തുകയാണ് കുടിശ്ശിക ഇനത്തിൽ നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം എന്നിവ കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുകയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ എത്ര ഗുണഭോക്താക്കൾക്ക് പ്രസ്തുത ധനസഹായങ്ങൾ നൽകാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | പ്രസ്തുത ധനസഹായം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടും ഇനിയും എത്ര പേർക്ക് തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ ഉത്തരവായിട്ടും ധനസഹായം അനുവദിക്കാനുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>ചികിത്സാ ധനസഹായം - 3226<br><br>ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം - 2542<br><br>ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ